# ജി.എൽ.പി.എസ്. കക്കാട്

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ കക്കാട് ഗ്രാമത്തിലാണ് നമ്മുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്, മുക്കം ഉപജില്ലയിലെ ഈ സ്ഥാപനം 1957 ൽ സിഥാപിതമായി.

കരിമ്പാറക്കൂട്ടങ്ങളും കുന്നുകളുംനിറഞ്ഞു പടിഞ്ഞാറു ഭാഗം ഇരുവഴിഞ്ഞിപ്പുഴ ഒഴുകുന്ന ഒരു ഉൾനാടൻ ഗ്രാമ പ്രദേശമായ കക്കാട് കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. പറയത്തക്ക വികസനങ്ങളോ മറ്റു പുരോഗതിയോ ഇല്ലാത്ത ഈ പ്രദേശത്ത് ഗ്രാമീണരായ പിന്നോക്ക വിഭാഗക്കാരും പട്ടിക ജാതിക്കാരും എല്ലാം ചേർന്ന് ജീവിക്കുന്നു. പാവപ്പെട്ട ഗ്രാമീണർ വിദ്യാഭ്യാസ കാര്യത്തിൽ ഏറെ പിന്നിലായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു കൊടിയത്തൂർ, കാരശ്ശേരി, ഭാഗങ്ങളിലും ഉപരിപഠനത്തിനു മുക്കത്തും മാത്രമായിരുന്നു ആശ്രയം.

പ്രദേശത്തിൻറെ വികസനത്തിനായി ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിക്കാനുള്ള ശ്രമം 1950കളിൽ നാട്ടിലെ പൗര പ്രധാനികളും സാമൂഹ്യപ്രവർത്തകരും നടത്തിയിരുന്നു. അങ്ങനെ 1952ൽ ഒരു എൽ.പി സ്കൂളിനുള്ള അനുമതി ലഭിച്ചെങ്കിലും അന്നത്തെ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് സ്പെഷ്യൽ ഓഫീസറെ സ്വാധീനിച്ച് ഈ ഉത്തരവ് പിൻവലിപ്പിക്കാൻ സമീപപ്രദേശത്തെ പ്രമാണിമാർക്ക് കഴിഞ്ഞു. എങ്കിലും ശ്രമം തുടർന്നുകൊണ്ടിരുന്നു. അക്കാലത്തെ കക്കാടിലെ  സാമൂഹ്യ സാംസ്കാരിക പ്രവർത്തകൻ ആയിരുന്ന അന്തരിച്ച കെപിആർ എന്നറിയപ്പെടുന്ന കെ പി അബൂബക്കർ സാഹിബ് ആയിരുന്നു അതിന് നേതൃത്വം നൽകിയിരുന്നത് .അദ്ദേഹത്തിൻറെ ശ്രമ ഫലമായി അന്നത്തെ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡണ്ട് ആയിരുന്ന പി.ടി ഭാസ്കരപ്പണിക്കർക്ക് കക്കാടിൽ ഒരു പൗരസ്വീകരണം സംഘടിപ്പിച്ചു. പ്രസ്തുത ചടങ്ങിൽ വെച്ച് നാട്ടുകാർ സ്കൂളിന് വേണ്ടി ഒരു നിവേദനം നൽകി. തൽഫലമായി കക്കാട് മുനവ്വിറുൽ ഇസ്ലാം മദ്രസ പ്രസിഡണ്ടായിരുന്ന അന്തരിച്ച കെ സി അഹമ്മദ് ഹാജിയുടെ

പേരിൽ മദ്രസ്സയിൽ ഒരു ഏകാധ്യാപക വിദ്യാലയം തുടങ്ങാനുള്ള താൽക്കാലിക അനുവാദം ലഭിച്ചു. അങ്ങനെ 1957ൽ 77 കുട്ടികളുമായി എൽ.പി സ്കൂളിന് തുടക്കംകുറിച്ചു.കക്കാട് ജുമാഅത്ത് പള്ളി കമ്മിറ്റി വിലക്ക് വാങ്ങിയ 74 സെൻറ് സ്ഥലം (ആയിരം രൂപക്ക്) പള്ളിക്കമ്മിറ്റി തന്നെ സ്കൂൾ കെട്ടിട നിർമ്മാണ ജോലി ആരംഭിച്ചു. ഒരു വർഷം കഴിഞ്ഞ് 1958ൽ കെട്ടിടം പണിപൂർത്തിയായപ്പോൾ ക്ലാസുകൾ അങ്ങോട്ട് മാറ്റി. കെട്ടിടം ഗവൺമെൻറിന് വാടകക്ക് നൽകിയത് ആയിരുന്നു. അന്തരിച്ച കെപിആർ, അഹമ്മദ് ഹാജി, ടി കമ്മുണ്ണി ഹാജി,ടി .ഉസ്മാൻ, എം സി മുഹമ്മദ് തുടങ്ങിയവർ ആയിരുന്നു ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് .

1958ൽ അന്നത്തെ പി.ഡബ്ല്യു.ഡി എൻജിനീയർ ആയിരുന്ന കെ സി ജോർജ് ആയിരുന്നു ഉദ്ഘാടകൻ. V.Tഇന്ദുചൂഡൻ,പാലക്കണ്ടി ഇമ്പിച്ചമ്മദാജി,കെ കെ ഉണ്ണിക്കുട്ടി തുടങ്ങിയ പ്രമുഖർ അന്ന് പരിപാടിയിൽ സംബന്ധിച്ചിരുന്നു. വി ബാലൻ നായരായിരുന്നു പ്രഥമാധ്യാപകൻ. 1958 മുതൽ എം അബ്ദു മാസ്റ്റർ ബാലൻ മാസ്റ്റർക്ക് പകരം വന്നു. അന്നുമുതൽ മുതൽ 1983ഏപ്രിൽ 30 വരെ 25 വർഷത്തോളം അദ്ദേഹമായിരുന്നു ഹെഡ്മാസ്റ്റർ. സ്കൂളിൻറെ തുടക്കത്തിൽ കാരശ്ശേരിയിലെ കുമാരൻ നമ്പൂതിരി സഹായസഹകരണങ്ങൾ ചെയ്തിരുന്നു.

തുടർന്നു സ്കൂൾ പ്രധാനാധ്യാപകൻ ആയി പതിനഞ്ചോളം പേർ സേവനം ചെയ്യുകയുണ്ടായി.ഒന്നു മുതൽ നാലു വരെ ക്ലാസുകൾ വിദ്യാർത്ഥികളുടെ വർദ്ധനവ് കാരണം 1992 മുതൽ അഞ്ചു ഡിവിഷൻ ആയും 1993 മുതൽ 6 ഡിവിഷൻ ആയും വർധിച്ചു.സ്ഥല സൗകര്യ- മില്ലാതെ വന്ന ഈ കാലത്ത് പള്ളികമ്മിറ്റി പുതുതായി 2 ക്ലാസ് മുറികൾ കൂടി നിർമ്മിച്ചു നൽകി.

സ്കൂളിൻറെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ കാരശ്ശേരി ഗ്രാമപഞ്ചായത്ത് വളരെയേറെ സഹായങ്ങൾ ചെയ്തിട്ടുണ്ട് .92-94 കാലത്ത് പി.ടി.എ യുടെ ശ്രമഫലമായി സ്കൂളിൽ കുടിവെള്ള ടാങ്ക് നിർമിച്ചു. 95- 96ൽ ജെ .ആർ. വൈ.പദ്ധതിപ്രകാരം മൂത്രപ്പുരയും കക്കൂസും, 97 ൽ ലഭിച്ച മുൻഭാഗത്തെ മതിലും ഗേറ്റും 2001-02ൽ സ്കൂളിനു ലഭിച്ച ,സ്റ്റോർ കം കിച്ചൺ ബിൽഡിങ്ങും ഗ്രാമപഞ്ചായത്തിന്റെ സഹായത്തിൽ പെട്ടതാണ് .കൂടാതെ പഠനോപകരണങ്ങൾ

ടി.വി,കമ്പ്യൂട്ടർ,വി.സി.ഡി.ലൈബ്രറി പുസ്തകങ്ങൾ ഓഫീസ് ഫർണിച്ചറുകൾ എന്നിവയും ഗ്രാമപഞ്ചായത്ത് വകയായി ലഭിച്ചിട്ടുണ്ട് .®

1958 മുതൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന വിദ്യാലയത്തിന് സ്വന്തമായി ഒരു കെട്ടിടം എന്ന സ്വപ്നം യാഥാർഥ്യം ആവുന്നത് 2005 ലെ കുന്നത്ത് പറമ്പ് ജുമുഅത് പള്ളി കമ്മിറ്റി കെട്ടിടത്തിന് ആവശ്യമായ സ്ഥലം വിലക്ക് നൽകാൻ സന്നദ്ധം ആയതോടെ ആണ്. ആണ്. അന്നത്തെ ഗ്രാമ പഞ്ചായത്ത് മെമ്പർ എടത്തിൽ ചേക്കുട്ടി ചെയർമാനും കെ സി കോയക്കുട്ടി മാസ്റ്റർ ജനറൽ കൺവീനറും ടി കുഞ്ഞു മുഹമ്മദ് ഹാജി ട്രെഷററും ആയ സ്ഥലമെടുപ്പ് കമ്മിറ്റിയുടെ അവിശ്രമ പരിശ്രമത്തിൽ ഒന്നേകാൽ ലക്ഷം രൂപ നാട്ടിൽ നിന്നും സ്വരൂപിക്കാനായി.

സെന്ററിന് 25500/രൂപ നിരക്കിൽ 12 സെന്റ് സ്ഥലം പള്ളി കമ്മിറ്റി യിൽ നിന്നും വഖഫ് ബോർഡിന്റെ അനുവാദത്തോടെ 2007 നവംബർ 23 ന് ഗ്രാമപഞ്ചായത്ത് 204000/രൂപ കൂടി ചേർത്ത് വിലക്ക് വാങ്ങി. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി കെ വിനോദിന്റെ കൂടി പരിശ്രമത്തിൽ 2007-08 വർഷം SSA 3 ക്ലാസ്സ്മുറി അനുവദിച്ചു.

ഗ്രാമ പഞ്ചായത്ത് 1285000/രൂപ കൂടി അനുവദിച്ചതോടെ 3 ക്ലാസ്സ് മുറികൾ താഴെയും ഒരു ക്ലാസ്സ് മുറി മുകളിലുമായി സ്വന്തമായി സ്കൂൾ കെട്ടിടം യാഥാർഥ്യമായി. അന്നത്തെ PTA പ്രസിഡന്റ് ഇ അഹമ്മദ് കുട്ടി ചെയർമാനും ഹെഡ്മാസ്റ്റർ ഒ സി മുഹമ്മദ് ജനറൽ കൺവീനെറും ആയി രൂപീകരിച്ച 17അംഗ നിർമാണ കമ്മിറ്റിയാണ് കെട്ടിട നിർമാണം പൂർത്തീകരിച്ചത്. 2008-09 വർഷംSSA.വക കുടിവെള്ള പദ്ധതി, ഗ്രാമ പഞ്ചായത്ത് വക റോഡ്, 2009-10 വർഷം SSA വക ചുറ്റുമതിൽ, ടോയ്ലറ്റുകൾ എന്നിവയും ലഭ്യമായി.

പഠന നിലവാരത്തിൽ സ്കൂൾ മുൻപന്തിയിൽ തന്നെയാണ്. സാഹിത്യ സമാജം കൃത്യമായി നടക്കാറുണ്ട് .സഞ്ചയിക പ്രവർത്തിച്ചു വരുന്നു. ഈ അഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ SMC യും,ശിഹാബ് പുന്നമണ്ണ യുടെ നേതൃത്വത്തിൽ PTAയും ആതിഫ യുടെ നേതൃത്വത്തിൽ മാതൃസമിതിയും യും വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു.

സേവനം ചെയ്ത പ്രധാനാധ്യാപകർ:

ബാലൻ നായർ, അബ്ദു മാസ്റ്റർ, കാസ്മി,T കുഞ്ഞൻ ,സത്യവതി,
ബാലൻ നായർ, എ.മൈഥിലി,
ഭാസ്കരൻ,ഗാന്ധിമതി,അബൂബക്കർ,ഗംഗാധരൻ,പരീത് ലബ്ബ,
അബ്ദുൽ ഗഫൂർ ,മെഹറുന്നീസ.........

## ആമുഖം

സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസരംഗത്തെ ഗുണപരമായ മാറ്റങ്ങൾക്കും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ കൃത്യമായ ആസൂത്രണത്തോടെ വിശദീകരിക്കുന്ന ഒരു ആധികാരിക രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. കാലിക്ക് അനുയോജ്യമായ രീതിയിൽ മാറിക്കൊണ്ടിരിക്കുന്ന നൂതനമായ പുതിയ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്കനുസരിച്ച് വിദ്യാലയത്തിന്റെ ഉന്നമനത്തിനായി ആസൂത്രണം ചെയ്ത പദ്ധതികളുടെ രൂപരേഖയാണിത്. ഇതുവഴി വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രവർത്തനങ്ങളിലും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമെന്ന നിലയിൽ പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തു പകരാൻ സഹായകരമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## അടിസ്ഥാന വിവരങ്ങൾ.

സ്കൂളിന്റെ പേര്: ജി എൽ പി എസ് കക്കാട്.

മേൽവിലാസം: കാരശ്ശേരി (PO) കക്കാട്:
ഫോൺ : 0495 2295204.
സ്കൂൾ കോഡ്: 47320

വിദ്യാഭ്യാസ ഉപ ജില്ല: മുക്കം

വിദ്യാഭ്യാസ ജില്ല : കോഴിക്കോട്

ബി. ആർ.സി : കുന്ദമംഗലം

ഗ്രാമപഞ്ചായത്ത്: കാരശ്ശേരി

ബ്ലോക്ക് പഞ്ചായത്ത്: കുന്ദമംഗലം

ഇ-മെയിൽ വിലാസം: glps kakkad 2001 @ gmail.com

സ്കൂൾ വിക്കി: Glps കക്കാട്.

ക്ലാസ് മുറികൾ: 11

അധ്യാപകരുടെ എണ്ണം: 10

കുട്ടികളുടെ എണ്ണം : 204

പാചകപ്പുര : 1

കമ്പ്യൂട്ടർ ലാബ് : 1

ശുചിമുറികൾ : 10

## പൊതു ലക്ഷ്യങ്ങൾ

- 2025-26 അധ്യയന വർഷത്തിൽ സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും അവരുടെ ക്ലാസിൽ നേടേണ്ട മുഴുവൻ ശേഷികളും നേടാൻ പര്യാപ്തമായ അക്കാദമിക പ്രവർത്തനങ്ങൾ നടത്തും.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- കുട്ടികളുടെ കഴിവ്, അഭിരുചി എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കും.
- അവസരതുല്യത, സാമൂഹ്യനീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കുക.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും മുഴുവൻ കുട്ടികളെയും വിദ്യാലയത്തിലേക്ക് ആകർഷിക്കുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

- പഠനാന്തരീക്ഷം കുട്ടികൾക്ക് അനുകൂലമാക്കുന്നതിനായി ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തും.
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതു വഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
- ഓരോ ടേമിലും കുട്ടികൾ കുട്ടികൾ നേടേണ്ട അറിവും, പഠന നേട്ടങ്ങളും മുൻകൂട്ടി തയ്യാറാക്കി PTA യിൽ അവതരിപ്പിക്കും.
- ഒന്നാം ക്ലാസു മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ SRG യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠനവിടവ് നികത്തുന്നതിനാവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ നടത്തും.
- പഠന പിന്നോക്ക അവസ്ഥയുള്ള കുട്ടികൾക്ക് 'ഉയരെ' എന്ന പേരിൽ പിന്തുണാ പ്രവർത്തനങ്ങൾ നടത്തും.
- ശിശു സൗഹൃദ അന്തരീക്ഷം
- തുടർച്ചയായതും സമഗ്രമായതുമായ മൂല്യനി

ണയ പ്രക്രിയ നടത്തി വ്യക്തിഗതമായി വിലയിരുത്തി പരിഹാര പ്രവർത്തനങ്ങൾ നൽകൽ.

- ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.
- ഓരോ മാസത്തിലേയും ദിനാചരണങ്ങളുടെ പ്രാധാന്യം കുട്ടികളിലേക്കെത്തിക്കുന്ന വിധത്തിൽ ദിനാചരണ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സഹകരണത്തോടെ നടത്തും.
- സ്കൂളിന്റെ കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനു വേണ്ടി വിവിധ വകുപ്പുകളുടേയും, പൊതുജനങ്ങളുടേയും സഹായത്തോടെ സ്കൂൾ സുരക്ഷാ കമ്മിറ്റി രൂപീകരിക്കും.
- രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസുകൾ നടപ്പിലാക്കും.
- കുട്ടികളുടെ മാനസിക വൈകാരിക അവസ്ഥകൾ കണ്ടെത്തി പ്രശ്ന പരിഹാരണം.
- കലാപഠനം, പ്രവൃത്തി പരിചയം, ആരോഗ്യ കായിക പഠനം എന്നിവക്ക് പ്രത്യേക പരിശീലനം.

# അക്കാദമികം

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം
- കുട്ടികളുടെ കഴിവും, അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് 'ശ്രദ്ധ' എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗതസപ്പോർട്ട്

## പരിമിതികൾ.

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി കൈവരിക്കാൻ സാധിച്ചിട്ടില്ല.
- മികച്ച ~~ലാബ്~~ ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല.
- വായനയ്ക്ക് നല്ല പ്രോത്സാഹനം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.
- IED കുട്ടികളുടെ പിന്തുണാസംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

- പാശ്ചാത്യ പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ വികൃതമായ രീതിയിൽ നടപ്പാക്കുന്നു.

- ആധുനിക രീതിയിലുള്ള കൃഷിരീതികൾ മൂലം ഉല്പന്നങ്ങളിലും കൃത്രിമത്വം ശരീരത്തിനാവശ്യമായ പോഷകഗുണങ്ങളുടെ ഗുണത്തിലുള്ള കുറവ്.

# മലയാളം

വിദ്യാവലംബനം

1 മുതൽ 4 വരെയുള്ള കുട്ടികളിൽ ഭാഷാപഠനത്തിന്റെ ഭാഗമായി വായന പ്രോത്സാഹിപ്പിക്കുക.

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|
| പ്രാർത്ഥനയ്ക്കു ശേഷമുള്ള പത്രവായന. എല്ലാ ക്ലാസുകളിലേക്കും വേണ്ടത്ര പത്രങ്ങൾ സമാഹരിക്കൽ | എല്ലാദിവസവും ജൂൺ | ക്ലാസ് ടീച്ചർ SRG | സ്പോൺസർഷിപ്പ്. |
| വിജ്ഞാനച്ചെപ്പ് - പ്രാർത്ഥനയ്ക്ക് ശേഷമുള്ള ചോദ്യോത്തര പരിപാടി | എല്ലാദിവസവും | ക്ലാസ് ടീച്ചർ SRG | |
| ദിനാചരണങ്ങൾ *പരിസ്ഥിതിദിനം *വായനാദിനം ജൂൺ 19. * മാതൃഭാഷാദിനം | ജൂൺ | കൺവീനർ | PTA. |
| പതിപ്പ് - വായനാദിനത്തോടനുബന്ധിച്ച് കുട്ടികളുടെ സ്വന്തം രചനകൾ ചേർത്ത് പതിപ്പാക്കൽ | ജൂൺ | ക്ലാസ് ടീച്ചർ. | PTA. |

| | | | |
|---|---|---|---|
| വിദ്യാരംഗം | വർഷത്തിൽ ഒന്ന് | കൺവീനർ HM | PTA. |
| ക്ലാസ് ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങൽ, വായനാക്കൂട്ടം രൂപീകരിക്കൽ. | ജൂൺ ആദ്യവാരം | ലൈബ്രറി HM SRG | PTA സ്പോൺസർഷിപ്പ്. |
| പിറന്നാൾ സമ്മാനം: പിറന്നാൾ ദിനത്തിൽ ക്ലാസ് ലൈബ്രറിയിലേക്ക് കുട്ടികൾ പുസ്തകങ്ങൾ നൽകുന്നു. | എല്ലാ മാസവും | കുട്ടികൾ | സ്പോൺസർഷിപ്പ്. |
| വായനാക്കുറിപ്പ്: കുട്ടികൾ അവർക്ക് ഇഷ്ടമുള്ള പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കുന്നു. ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ. | HM | PTA. |
| ക്ലാസ് പ്രവർത്തനത്തിന്റെ ഭാഗമായി നടക്കേണ്ട രചനാ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്ത് മാഗസിൻ നിർമ്മിക്കുന്നു. (ടേമിൽ ഒന്ന്) | | | |

| | | | |
|---|---|---|---|
| | | | |
| പത്രവാർത്ത : ക്ലാസിലെയും സ്കൂളിലെയും പ്രധാന വാർത്തകളെ ആസ്പദമാക്കി ആഴ്ചയിൽ ഒരിക്കൽ സ്കൂൾ അസംബ്ലിയിൽ പ്രകാശനം. (ക്ലാസ് തലം) | ആഴ്ചയിൽ ഒരിക്കൽ. (ജൂൺ - മാർച്ച്) | ക്ലാസ് ടീച്ചർ. | |
| ഡയറി : എല്ലാ ദിവസവും ഡയറി എഴുതൽ. | ജൂൺ- മാർച്ച്. | ക്ലാസ് ടീച്ചർ. | |
| കേട്ടെഴുത്ത് : പാഠഭാഗവുമായി ബന്ധപ്പെട്ട പ്രയാസകരമായ വാക്കുകൾ കണ്ടെത്തി കേട്ടെഴുത്ത് നടത്തുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ. | |
| നാടകം : പാഠഭാഗവുമായി ബന്ധപ്പെട്ട നാടകീകരണത്തിന് അവസരം. | | | |
| മണലെഴുത്ത് : എഴുതാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് സ്ഥൂലപേശി വികാസത്തിന് മണലെഴുത്ത് പ്രോത്സാഹിപ്പിക്കുന്നു. | | | |

| | | | |
|---|---|---|---|
| ബാലസാഹിത്യ മാസികകൾ, യുറീക്കാ, കളിക്കുടുക്ക, മിന്നാമിന്നി, തളിര് എന്നിവ വായനാമൂലയിലേക്ക് - ശേഖരിക്കൽ | ജൂലൈ | PTA | സ്പോൺസർഷിപ്പ്. |
| കഥ പറയൽ മത്സരം : ടീച്ചർ നൽകുന്ന വിഷയത്തെ ആസ്പദമാക്കി നിശ്ചിത സമയത്തിനുള്ളിൽ കഥ പറയാൻ അവസരം. | ജൂലൈ. | HM<br>PTA<br>SRG | |
| വായനാ സമ്പുഷ്ട ക്ലാസ് മുറി, ശിൽപ്പശാലയിലൂടെ വായനാ കാർഡുകൾ തയ്യാറാക്കൽ (ക്ലാസ് തലം) രക്ഷിതാക്കളുടെ സഹായത്തോടെ. ലൈബ്രറികളിൽ അംഗത്വം ഉറപ്പാക്കുന്നു. | | SRG.<br>ക്ലാസ് ടീച്ചർ. | |
| കഥയെഴുത്താരം - തന്റെ കൂട്ടുകാർക്ക് കഥയെഴുതി തപാൽ വഴി പോസ്റ്റ് ചെയ്ത് വായനയ്ക്ക് അവസരം. | | | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലേക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന അടിസ്ഥാന ഗണിതാശയങ്ങൾ നേടി എന്ന് ഉറപ്പാക്കൽ | കുട്ടികളുടെ നിലവാരത്തെ മനസ്സിലാക്കാൻ വിവിധ ഗണിത കളികൾ (സങ്കലന വ്യവകലന) ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. | June 3 – 15 | ക്ലാസ് ടീച്ചർ | |
| | ഓരോ ക്ലാസിന്റെയും ഗണിതവുമായി ബന്ധപ്പെട്ട സാമഗ്രികൾ പട്ടികപ്പെടുത്തി. ആവശ്യമായവ വാങ്ങൽ. | June 20ന് മുമ്പ് | ക്ലാസ്ടീച്ചർ S.R.G. | P.T.A |
| | എല്ലാ ക്ലാസിലും ഗണിതത്തിലെ ഗണിത ലാബ് ക്രമീകരിക്കൽ (മഞ്ചാടി, കാർഡ്, ക്ലോക്ക് ......) | July | ക്ലാസ്ടീച്ചർ SR.G | |

| | | |
|---|---|---|
| ഓരോ യൂണിറ്റിന്റെ അവസാനവും കൈവരിക്കേണ്ട ധാരണ കൈവരിച്ചു എന്ന് ഉറപ്പാക്കാൻ കൃത്യ നിർണയം | June - March | ക്ലാസ്ടീച്ചർ |
| പിന്നോക്കക്കാർക്ക് ഗണിതത്തിൽ താൽപര്യം വരുത്താൻ ഗണിത ശിൽപശാല നടത്തുക. | വർഷത്തിൽ 2 എണ്ണം | ക്ലാസ്ടീച്ചർ SRG P.T.A |
| • ഗണിത ചിന്താശേഷി വളർത്താൻ ഒരു ദിനം ഒരു ചോദ്യം • കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ 2 എണ്ണം. | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | ഗണിത ചുമർ ഒരുക്കൽ (ഗണിതാശയങ്ങൾ, പസിൽ, ഗണിത രൂപങ്ങൾ) | June–March | ക്ലാസ് ടീച്ചർ |
| | ഗണിത മാഗസിൻ ഒരുക്കൽ | വർഷ-ത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| | ഗണിത ക്വിസ് | മാസത്തിൽ - 1 | ഗണിത ക്ലബ്ബ് |
| | ഗണിത മേള സംഘടിപ്പിക്കുക | വർഷത്തിൽ - 1. (ഒക്ടോബർ) | ഗണിത ക്ലബ്ബ് |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | 3,4 ക്ലാസിലെ കുട്ടികൾക്ക് പരീക്ഷണത്തിനാവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുക - പരീക്ഷണ കിറ്റ് തയ്യാറാക്കുക. | June-March | ക്ലാസ് ടീച്ചർ SRG H.M | PTA |
| ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക | വർഷത്തിൽ ഒന്ന്. | H.M S.R.G Classteacher | PTA |
| നിരീക്ഷണം അറിവ് നിർമാണം. | ശാസ്ത്ര വിസ്മയ ചുമർ (പതിപ്പ്, ചാർട്ട് ആൽബം, പരീക്ഷണക്കുറിപ്പുകൾ) | വർഷത്തിൽ ഒരിക്കൽ | SRG classteacher | |
| | ശാസ്ത്ര മേള സംഘടിപ്പിക്കുക | ഒക്ടോബർ | science club | PTA |

| | | | | |
|---|---|---|---|---|
| | • ശാസ്ത്ര ദിനാചരണം<br>• ചാന്ദ്ര ദിനാചരണം | Feb<br>July | science club | |
| | • ശാസ്ത്ര ക്വിസ് | മാസത്തിൽ ഒന്ന് | Science club | |
| | • ശാസ്ത്ര മാഗസിൻ | Feb. | class teacher | |
| | • പാഠഭാഗവുമായി ബന്ധപ്പെട്ട് വാന നിരീക്ഷണ കേന്ദ്രം സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>class teachers | |
| | | | | |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ. | 1.) പഠന നില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജൂൺ 3ാം വാരം. | ഇംഗ്ലീഷ് അധ്യാപകൻ SRG. | PTA. |
| | 2) പഠനവിടവ് കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ അടങ്ങിയ പ്രവർത്തന പാക്കേജ് | ജൂൺ അവസാന വാരം ജൂലൈ ആദ്യവാരം | SRG. | Pupil PTA |
| ഫലപ്രദമായി ലക്ഷ്യങ്ങൾ നേടാൻ അനായാസം ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് മെച്ചപ്പെടുത്തുന്നതിന്. | 3). ഇംഗ്ലീഷ് അസംബ്ലി ചേരൽ. (കുട്ടികളുടെ നിയന്ത്രണത്തിൽ. | ആഴ്ചയിൽ ഒരു ദിവസം. [വർഷം മുഴുവൻ] | ക്ലാസ് ടീച്ചർ. | |
| | 4) നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പുകൾ എഴുതൽ. | ആഴ്ചയിൽ 3 ദിവസം. | English അധ്യാപകർ | |
| | 5). ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story telling) | വർഷം മുഴുവൻ. | ഇംഗ്ലീഷ് ടീച്ചർ. | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | 6) ഇംഗ്ലീഷ് കൈയെഴുത്ത് | ജനു | ക്ലാസ് ടീച്ചർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള കഴിവ്, കൂടാതെ എഴുതാനുള്ള കഴിവ് വളർത്തിയെടുക്കൽ. | 7) ഇംഗ്ലീഷ് കോൺവർസേഷൻ (ചോദ്യങ്ങൾ മുഖേ). ഓരോ ക്ലാസിലും ആവശ്യമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ലൈബ്രറിയിൽ ലഭ്യമാക്കൽ. | വർഷം മുഴുവൻ. | English teacher | |
| | 8) ഒരു ദിവസം ഒരു [illegible] പദം. [ഭാഷാ ശൈലി, പദനിർമ്മാണം തുടങ്ങി]. കളിയിലൂടെ പഠനം. | വർഷം മുഴുവൻ | class teacher SRG. | |
| | 9) ഇംഗ്ലീഷ് പരിപോഷിപ്പിക്കൽ. മുമ്പ് നടത്തിയ വായനകൾ ഉൾപ്പെടുത്തി പതിപ്പുകൾ ഇറക്കാം. കഥ, കവിത, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുതലായവ ആവാം. | മാസത്തിൽ ഒന്ന് | English teacher SRG. | |
| | 10) ഇംഗ്ലീഷ് ഫെസ്റ്റ് | വർഷാവസാനം | English teacher | |

# GLPS KAKKAD

## ACADEMIC MASTER PLAN

## (AMP) 2025-26

## ARABIC

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷയം:അറബി STD I

പ്രശ്നം: അക്ഷരങ്ങൾ വായിക്കാൻ പ്രയാസം നേരിടുന്നു.

ലക്ഷ്യം :അറബി ഭാഷയിലെ 28 അക്ഷരങ്ങളും എല്ലാ കുട്ടികളും വായിക്കുകയും എഴുതുകയും ചെയ്യൽ.

ജൂൺ: ചിത്രങ്ങൾ വഴി അറബി പദങ്ങളെ പരിചയപ്പെടുന്നു.

പ്രസ്തുത പദങ്ങളിൽ നിന്നും പ്രത്യേക അക്ഷരങ്ങൾ പഠിക്കുന്നു.

അക്ഷരങ്ങളെ റീഡിങ് കാർഡുകൾ ആക്കുന്നു.

ഐസിടിയുടെ സഹായത്തിൽ കാർഡുകളെ ഡിജിറ്റൽ കാർഡുകൾ ആകുന്നു.

ജൂലൈ: അക്ഷരങ്ങൾ എഴുതിയ കാർഡുകൾ വായിച്ചു തുടങ്ങുന്നു.

അറബി ബുക്കിൽ നിന്നും പ്രസ്തുത അക്ഷരങ്ങൾ വേർതിരിച്ച് മനസ്സിലാക്കുന്നു.

ഓഗസ്റ്റ്: കവിതകളിൽ നിന്നും പ്രത്യേക അക്ഷരങ്ങൾ തിരഞ്ഞെടുത്തു അടിവരയിട്ട് മനസ്സിലാക്കുന്നു, അവകൾ ആവർത്തിച്ച് വായിക്കാൻ പഠിക്കുന്നു.

സെപ്റ്റംബർ: പഠിച്ച അക്ഷരങ്ങൾ എഴുതാൻ പരിശീലിക്കുന്നു. ഐസിടിയുടെ സഹായത്താൽ എഴുത്തിൻറെ രൂപങ്ങൾ വീഡിയോയിലൂടെ മനസ്സിലാക്കുന്നു.

ഒക്ടോബർ: ഇതു വരെ പഠിച്ച അക്ഷരങ്ങൾ കാർഡ് രൂപത്തിൽ ശേഖരിക്കുന്നു.

ഒന്നുമുതൽ നാലുവരെ അക്കത്തിലും അക്ഷരത്തിലും എഴുതാനും വായിക്കാനും എണ്ണാനും കഴിയുന്ന രൂപത്തിൽ പ്രാപ്തമാക്കുന്നു.

നവംബർ, ഡിസംബർ: ചെറു വിവരണങ്ങളിൽ കൂടി പഠിച്ച അക്ഷരങ്ങൾ വേർതിരിച്ച് മനസ്സിലാക്കുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.

ജനുവരി: അക്ഷരങ്ങൾ പൂരിപ്പിച്ച് പദങ്ങൾ ശരിയാക്കുന്നു. അക്ഷരങ്ങൾ കൂട്ടി പദങ്ങളായി വായിക്കാൻ പരിശീലിക്കുന്നു.

ഫെബ്രുവരി: 5 മുതൽ 10 വരെ അക്ഷരങ്ങൾ വായിക്കാനും എഴുതാനും പ്രാപ്തമാക്കുന്നു. ചിത്രങ്ങൾ കണ്ട് അതിൻറെ പേരുകളും അതിലടങ്ങിയ അക്ഷരങ്ങളും വേർതിരിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു.

മാർച്ച് :അറബിയിലെ 28 അക്ഷരങ്ങളും വായിക്കാനും എഴുതാനും സാധിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# അറബിക് STD II

പ്രശ്നം: അറബി പദങ്ങൾ വായിക്കാനും എഴുതാനും ഉള്ള പ്രയാസം,
പരിഹാരം:

റീഡിങ് കാർഡുകൾ നൽകി കൂടുതൽ പദങ്ങളെ പരിചയപ്പെടുത്തൽ.

ജൂൺ: ചെറിയ പദങ്ങൾ ഉൾക്കൊള്ളുന്ന റീഡിങ് കാർഡുകൾ നൽകി വായനയെ മെച്ചപ്പെടുത്തൽ.

ജൂലൈ: ഉപചാര പദങ്ങളെ പരിചയപ്പെടുത്തി അതിലൂടെ വായനയെ പ്രോത്സാഹിപ്പിക്കൽ.

വ്യത്യസ്ത കളറുകളുടെ അറബി പദം പഠിക്കുന്നതിലൂടെ അവ വായിക്കാനും എഴുതാനുമുള്ള പ്രാപ്തി നേടൽ .

ഓഗസ്റ്റ് : ചെറു കവിതകളിലൂടെ പദങ്ങളെ പരിചയപ്പെടുകയും ആവർത്തിച്ച് വായിക്കാനും എഴുതാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

പാരഗ്രാഫിൽ നിന്നും പ്രത്യേക പദങ്ങളെ അടിവരയിട്ട് അവ കൂടുതൽ പ്രാവശ്യം വായിക്കാനും എഴുതാനും പരിശീലിപ്പിക്കൽ .

സെപ്തംബർ:ചിത്രകഥയിൽ നിന്നും പ്രത്യേക പദങ്ങൾ തെരഞ്ഞെടുത്ത് അവകൾ വായിക്കാൻ പരിശീലിക്കൽ.

ഒക്ടോബർ: ചെറു സംഭാഷണങ്ങളിൽ നിന്നും പദങ്ങളെ വേർതിരിച്ചെടുത്ത് വായിക്കാനും എഴുതാനുമുള്ള കഴിവ് സൃഷ്ടിക്കൽ.

നവംബർ: ഒന്നു മുതൽ 20 വരെയുള്ള അക്കങ്ങളെ പഠിപ്പിക്കുന്നതിലൂടെ അവ വായിക്കാനും എഴുതാനും കഴിവ് നേടൽ.

ഡിസംബർ: പദസൂര്യൻ നൽകി പ്രത്യേക പദങ്ങളെ പരിശീലിക്കൽ

ജനുവരി: ചെറിയ വിവരണങ്ങളിലൂടെ പ്രത്യേക പദങ്ങളെ അടിവരയിട്ട് അവ വായിക്കാനും എഴുതാനും പ്രാപ്തി നേടൽ.

ഫെബ്രുവരി: ഒരു ഐഡൻറിറ്റി കാർഡ് ഉണ്ടാക്കൽ പഠിക്കുന്നതിലൂടെ അറബി പദങ്ങളെ ഉപയോഗിച്ച് വാക്യങ്ങൾ ഉണ്ടാക്കാൻ പരിശീലിക്കൽ.

സംഭാഷണങ്ങൾ വായിച്ച് അതിൽ ഉള്ള പദങ്ങൾ പരിചയപ്പെടുന്നു. അതിലൂടെ, അതുപോലുള്ള മറ്റു സംഭാഷണങ്ങൾ നിർമ്മിക്കാനുള്ള പ്രാപ്തി നേടൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# അറബിക് ക്ലാസ്സ് III

പ്രശ്നം: പുസ്തകവായനയിൽ മികവ് പുലർത്താത്ത അവസ്ഥ.
പരിഹാരം കുട്ടിയെ നല്ല വായനക്കാരൻ ആക്കുക.

ജൂൺ :കഥ പുസ്തകം അറബിക് ,കുട്ടിക്കവിതകൾ അറബിക് ,ചെറിയ വിവരണങ്ങൾ അറബിക് ക്വിസ് അറബിക് തുടങ്ങിയവ ആവശ്യാനുസരണം നൽകി വായനയെ പരിപോഷിപ്പിക്കൽ.

ജൂലൈ: ഓരോ അറബിക് പീരീഡിയിലും ആദ്യ അഞ്ച് മിനിട്ട് ഒരാൾ ഒരു ബുക്ക ഉറക്കെ വായിക്കുന്നു, മറ്റു കുട്ടികൾ വായിക്കുന്നതിൽ ശ്രദ്ധിക്കുന്നു.

ഓഗസ്റ്റ് : വായനാ മത്സരം നടത്തുന്നു: വായനയിൽ മികച്ച സ്ഥാനം കൈവരിക്കുന്ന വർക്ക് സമ്മാനങ്ങൾ നൽകുന്നു.

സെപ്റ്റംബർ: വാട്സാപ്പിലൂടെ ഇ– വായന നടത്തുന്നു. എല്ലാ ദിവസവും ഓരോ പാരഗ്രാഫ് വാട്സപ്പിൽ അയച്ചു കൊടുത്തു ഓൺലൈൻ വഴി വായന പരിശീലിക്കുന്നത് വായനയുടെ പുതിയ മോഡൽ കുട്ടികളുടെ മുന്നിൽ തുറന്നു വെക്കപ്പെടുന്നു.

ഒക്ടോബർ: പതിപ്പ് നിർമ്മാണം: ക്ലാസ് പാഠപുസ്തകവും മറ്റും വായിച്ചതിനുശേഷം പതിപ്പ് നിർമ്മാണത്തിന് അവസരം നൽകുന്നതിലൂടെ എഴുത്തിലേക്കും കുട്ടികൾ പ്രവേശിക്കുന്നു.

നവംബർ–ഡിസംബർ: അറബിഭാഷയുടെ തനതായ സൗന്ദര്യം എഴുത്തിലൂടെ പ്രദർശിപ്പിക്കുന്ന ആധുനിക എഴുത്തുരീതികൾ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യും.

ജനുവരി: എല്ലാ കുട്ടികൾക്കും അറബിക് ടൈപ്പിംഗ്ൻറെ ചുരുങ്ങിയ രീതി പഠിപ്പിക്കൽ.

ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസിൽ നിന്നുതന്നെ കുട്ടികൾ അറബിക് കീബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും ചെയ്യുന്നു.

ഫെബ്രുവരി: കമ്പ്യൂട്ടർ ടൈപ്പിംഗ് പരിജ്ഞാനം നേടുന്ന അതേസമയം അതിൻറെ വായനയും കുട്ടികൾ നടത്തുന്നു.

മാർച്ച് :വലിയ പാരഗ്രാഫുകൾ സരളമായി വായിക്കാനും എഴുതാനുമുള്ള പ്രാപ്തി എല്ലാ കുട്ടികളും കൈവരിക്കുന്നു. ഐ സി ടി യുടെ സഹായത്താൽ ഇ-വായന കൂടുതൽ നടത്തുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## അറബിക് - ക്ലാസ്സ് IV

ലക്ഷ്യം : എല്ലാ കുട്ടികളും പ്രൈമറി പഠനം കഴിയും മുമ്പ് അറബി വായനയിലും എഴുത്തിലും മികച്ച നിലവാരം പുലർത്തുന്നു എന്ന് ഉറപ്പ് വരുത്തൽ.

വായന വസന്തം:

ജൂൺ : എല്ലാ അറബിക് പിരീഡും ആദ്യ അഞ്ചുമിനുട്ട് ക്ലാസ് വായന നടത്തുന്നു. തിരഞ്ഞെടുത്ത കുട്ടികൾ ഒറ്റക്ക് വായിക്കുമ്പോൾ മറ്റുള്ളവർ വിരൽ വെച്ച് വായന ശ്രദ്ധിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു.

ജൂലൈ: ഇ- വായന ,വാട്സ്ആപ്പ് ഗ്രൂപ്പ് വഴി എന്നും ഓരോ പാരഗ്രാഫ് വായിച്ചു അയച്ചു തരുന്നു.

ഓഗസ്റ്റ് :ഓൺലൈൻ അറബിക് പത്രവായന: ലോകത്ത് വ്യത്യസ്ത അറബി പത്രങ്ങൾ ഐസിടി സഹായത്തോടെ ബിഗ് സ്ക്രീനിൽ പ്രദർശിപ്പിച്ച് അത് വായിക്കാനുള്ള കഴിവ് കുട്ടികളിൽ നിർമ്മിക്കുന്നു.

സെപ്റ്റംബർ: എഴുത്ത് ഉത്സവം - അറബിക് പതിപ്പ് നിർമ്മാണം

ക്ലാസ് പാഠപുസ്തകവും മറ്റും അവലംബിച്ച് അറബിക് പതിപ്പ് വർണാഭമായ രീതിയിൽ ഓരോ കുട്ടികളും നിർമ്മിച്ച ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

ഒക്ടോബർ: വായനാ മത്സരം: മികച്ച വായനക്കാരെ കണ്ടെത്താൻ വായന മത്സരം നടത്തി സമ്മാനങ്ങൾ നൽകുന്നു.

നവംബർ: അറബി കമ്മ്യൂണിക്കേഷൻ: ക്ലാസ്സിൽ നിന്നും അറബിക് വീഡിയോസ് നൽകി അതിലുള്ള ഭാഷാപ്രയോഗങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.

ഡിസംബർ : ലാംഗ്വേജ് ലാബ് - സ്മാർട്ട് ക്ലാസ് റൂം വഴി അറബിക് ടൈപ്പിങ്ങും അതിൻറെ വായനയും കുട്ടികളെ പരിശീലിപ്പിക്കുന്നു.

ജനുവരി: കമ്പ്യൂട്ടർ അറബിക് ടൈപ്പിങ്ങിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതോടൊപ്പം ഇ-വായനയും പരിശീലിപ്പിക്കുന്നു, ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് അറബിക് ടൈപ്പിംഗ് പരിശീലിപ്പിക്കുന്നു.

ഫെബ്രുവരി-മാർച്ച് :അറബിക് ടൈപ്പിംഗ് വഴി ഡിജിറ്റൽ റീഡിങ് കാർഡുകൾ നിർമിക്കുകയും വായിക്കുകയും ചെയ്യുന്നു.